"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കുടുംബശ്രീ - കോട്ടയം ജില്ലാ മിഷനിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി. ഓമനപ്രസാദിന്റെ വേതനം പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.245/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/01/2020

പരാമർശം:- 1 20.01.2016-ലെ സ.ഉ(പി)നം.07/16/ഫിൻ.

2 09/02/2010-ലെ സ.ഉ(പി) നം.61/10/ഫിൻ.

3 കുടുംബശ്രീ ഡയറക്ടറുടെ 19/06/2019-ലെ 6047/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

കുടുംബശ്രീ കോട്ടയം ജില്ലാ മിഷനിൽ കാഷ്വൽ സ്വീപ്പറായി 01/08/2009 മുതൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി ഓമന പ്രസാദിന് പരാമർശം(1) ഉത്തരവ് പ്രകാരം മാസവേതനമായി നിലവിൽ 6000/-രൂപയാണ് നൽകി വരുന്നതെന്നും, പരാമർശം(2) ഉത്തരവിലെ ഖണ്ഡിക 3(ii)ന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് പാർട്ട് ടൈം സ്വീപ്പറുടെ നിരക്കിൽ വേതന പുനഃക്രമീകരണത്തിന് അർഹതയുണ്ടെന്നും കോട്ടയം ജില്ലാ മിഷൻ ഓഫീസിന്റെ സ്വീപ്പിംഗ് ഏരിയ 128.5 ചതുരശ്ര മീറ്ററാണെന്ന് പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നും പരാമർശം(3) പ്രകാരം കുടുംബശ്രീ ഡയറക്ടർ (എ&എഫ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ ശ്രീമതി ഓമന പ്രസാദിന് പാർട്ട് ടൈം സ്വീപ്പറുടെ നിരക്കിൽ വേതനം പുനക്രമീകരണം നടത്തുന്നതിനുള്ള അനുമതി നൽകണമെന്നും കുടുംബശ്രീ ഡയറക്ടർ (എ&എഫ്) അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ള സാക്ഷ്യപത്ര പ്രകാരം കുടുംബശ്രീ കോട്ടയം ജില്ലാ മിഷൻ ഓഫീസിന്റെ സ്വീപ്പിംഗ് ഏരിയ 128.5 ചതുരശ്ര മീറ്ററാണ്. കുടുംബശ്രീ കോട്ടയം ജില്ലാ മിഷനിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി. ഓമന പ്രസാദിന് പാർട്ട് ടൈം സ്വീപ്പറുടെ വേതനം പുനക്രമീകരിച്ച് നൽകുന്നതിനുള്ള ശുപാർശ 19/06/2019-ലെ കത്ത് മുഖേനയാണ് കുടുംബശ്രീ ഡയറക്ടർ (എ&എഫ്) സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ളത്. അതിനാൽ 19/06/2019 മുതൽ പ്രാബല്യത്തിൽ

ടിയാൾക്ക് പാർട്ട് ടൈം സ്വീപ്പറുടെ വേതനം പുനഃക്രമീകരിച്ച നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കോട്ടയം

ശ്രീമതി. ഓമന പ്രസാദ്, കുടുംബശ്രീ ജില്ലാ മിഷൻ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം

ധനകാര്യ(എക്സ്പെൻഡിച്ചർ.സി)വകുപ്പ്(1327095/EXP-C2/106/2019-Fin,

dated,05.11.2019 പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ